**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5137.** **23.03.2018 ൽ മറുപടിയ്ക്ക്**

**ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.പി.കെ.ശശി<br>ശ്രീ.ഐ.ബി.സതീഷ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് ലഹരിയ്ക്കെതിരെയുള്ള സന്ദേശം പൊതുജനങ്ങളിലെത്തിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) | ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ വിമുക്തി എന്ന പേരിൽ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരിക്കെതിരെ കായിക ലഹരി എന്ന സന്ദേശം പ്രചരിപ്പിച്ച് കുട്ടികളെയും യുവാക്കളെയും കായികരംഗത്തേയ്ക്ക് കൈപിടിച്ചു നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി പത്തൊൻപത് വയസ്സിൽ താഴെ പ്രായമുള്ള സ്കൂൾ തല സീനിയർ ആൺകുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് ജനുവരി മാസത്തിൽ പതിനാല് ജില്ലകളിലുമായി ജില്ലാതല കബഡി മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നു. ജില്ലാതല വിജയികളെ പങ്കെടുപ്പിച്ചുകൊണ്ട് മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ വച്ച് 2018 ജനുവരി 29 ാം തിയതിയിൽ സംസ്ഥാനതല മത്സരവും നടത്തുകയുണ്ടായി. കേരളത്തിലെ മികച്ച വോളിബാൾ ക്ലബ്ബുകളെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാതലത്തിലും തുടർന്ന് ജില്ലാതല വിജയികളെ പങ്കെടുപ്പിച്ചു കൊണ്ട് ആലപ്പുഴ ജില്ലയിൽ വച്ച് 2018 മാർച്ചിൽ സംസ്ഥാനതല മത്സരവും നടത്തുകയുണ്ടായി. സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ വിദ്യാർഥികളിൽ ലഹരിയ്ക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. സ്കൂൾ കോളേജ് വിദ്യാർഥികൾക്കായി ക്വിസ്സ്, ചിത്രരചന,കയ്യെഴുത്തു മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ |

| | | | |
|---|---|---|---|
| | | | മത്സരങ്ങൾ നടത്തുകയും അതിലൂടെ ലഹരിവിരുദ്ധ സന്ദേശങ്ങൾ പകരാനുമായി. |
| (ബി) | വർദ്ധിച്ചുവരുന്ന മദ്യാസക്തിക്കും മദ്യവിപത്തിനുമെതിരെ ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സഹകരണത്തോടെ എന്തെല്ലാം ബോധവത്ക്കരണ പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളത്; | (ബി) | എക്സൈസ് വകുപ്പ് നടപ്പിലാക്കുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സഹകരണത്തോടു കൂടിയാണ് പൊതുജനങ്ങളിൽ എത്തിക്കുന്നത്. |
| (സി) | ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതിക വിദ്യകളുടെ സാധ്യത എപ്രകാരമാണ് പ്രയോജനപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ലഹരി വിരുദ്ധ പ്രചാരണം ലക്ഷ്യം വച്ചുള്ള സന്ദേശങ്ങൾ എഫ്.എം.റേഡിയോകൾ വഴി പ്രചരിപ്പിക്കുന്നുണ്ട്. മേൽ പ്രകാരം സന്ദേശങ്ങൾ പ്രമുഖ ടി.വി.ചാനലുകളിലൂടെ പ്രചരിപ്പിച്ചു വരുന്നു. നവ മാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സ് ആപ്പ് എന്നിവയിൽ വിമുക്തി മിഷന്റെ പേജ് ആരംഭിച്ചിട്ടുണ്ട്. നവമാധ്യമങ്ങളിൽ അനിമേഷൻ പോലെയുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തി ലഹരി വിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**